# നിലയ്ക്കൽ ഭദ്രാസന സണ്ടേസ്കൂൾ ഡയറക്ടറെയും സെക്രട്ടറിയെയും തെരഞ്ഞെടുത്തു

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ നിലയ്ക്കൽ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ നിക്കോദീമോസ് തിരുമനസ്സിന്റെ CK No.45/2014 കല്പന പ്രകാരം സണ്ടേസ്കൂൾ ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാരുടെയും സെക്രട്ടറിമാരുടെയും സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർമാരുടെയും യോഗം മെയ് 3-ന് ഞായറാഴ്ച 3 മണിക്ക് ഇടവക മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് തിരുമേനിയുടെ അദ്ധ്യക്ഷ തയിൽ റാന്നി സെന്റ് തോമസ് അരമനയിൽ നടന്നു. യോഗത്തിൽ ഭദ്രാസന സണ്ടേസ്കൂൾ ഡയറക്ടറായി വയലത്തല മാർ സേവേറിയോസ് സ്ലീബാ വലിയപള്ളി ഇടവകാംഗം ഓലിക്കൽ ശ്രീ.ഒ.എം. ഫിലിപ്പോസിനെയും സെക്രട്ടറിയായി വെച്ചൂച്ചിറ മാർ ഗ്രീഗോറിയോസ് ഇടവകാംഗം കൊല്ലകുന്നേൽ ശ്രീ.ജോസ്.കെ.എബ്രഹാമിനെയും ഐക്യകണ്ഠേന തെരഞ്ഞെടുത്തു.